# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4572 26.06.2014-ൽ മറുപടിക്ക്**

**<u>കിളിമാനൂർ - മടവൂർ - പഴയകുന്നുമ്മേൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്കായി റോഡ് കട്ടിംഗിന് അനുമതി</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്, (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കിളിമാനൂർ - മടവൂർ - പഴയകുന്നു മ്മേൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി എം.സി.റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമലവരെ പൈപ്പിടുന്നതിന് കെ.എസ്. ടി. പി. കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | റോഡുകട്ടിംഗ് കഴിഞ്ഞാലുടൻ റോഡു പുനസ്ഥാപിക്കുന്ന (Restoration Work) പണിയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | റോഡ് കട്ടിംഗ് അനുമതിയ്ക്കായി കേരള വാട്ടർ അതോറിറ്റി കെ.എസ്.ടി.പി.എസ്റ്റിമേറ്റ് പ്രകാരമുള്ള 5.17 കോടി രൂപ 12.05.2014-ൽ കെ.എസ്.ടി.പി.യിൽ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ: | (ബി) | 12.05.2014-ൽ വാട്ടർ അതോറിറ്റി തുക അടച്ചിട്ടുണ്ട്. |
| (സി) | 2015 ജൂൺ മാസത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത കുടിവെള്ള പദ്ധതി കെ.എസ്.ടി.പി.യുടെ മെല്ലെപ്പോക്ക് കാരണമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് അറിയാമോ | (സി) & (ഡി) | റിസ്റ്റോറേഷൻ പണിയ്ക്കുള്ള തുക അടയ്ക്കുവാൻ 21.02.2014-ൽ വാട്ടർ അതോറിറ്റിയോടു ആവശ്യപ്പെട്ടിരുന്നെങ്കിലും തുക 12.05.2014-ൽ മാത്രമാണ് അടച്ചത്. മഴക്കാലത്ത് റോഡു വെട്ടിപ്പൊളിയ്ക്കുന്നത് അഭികാമ്യമല്ല. മഴക്കാലം കഴിഞ്ഞാലുടൻ റോഡ് കട്ടിംഗിനുള്ള അനുമതി നൽകുന്നതാണ്. |
| (ഡി) | റോഡ് കട്ടിംഗിനുള്ള അനുമതി എത്രയും വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ